# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ/സി.13/1353/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 13/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലക്കോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ/സി.13/1353/21 തീയ്യതി: 13/12/2021

## കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-09-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2020 | 23-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 05-10-2021 |
| 08-11-2021 | 23-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സുരേഷ് ബാബു കെ.വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.മനോജ് കുമാർ ടി. ജോർജ്ജ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. ഗണേശൻ കേളോത്ത്, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി അനു അബ്രഹാം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മോളി മാനുവൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ പ്രസന്നകുമാർ എൻ.എൻ | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീമതി അഫ്സത്ത്.കെ | സെക്രട്ടറി | 15-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ:സി ഡി ജോസ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 22-09-2019 |
| ഡോ:മുജീബ് റഹ്മാൻ.കെ പി | വെറ്ററിനറി സർജ്ജൻ | 23-09-2019 | 31-03-2020 |
| ശ്രീ സുരേഷ് കുമാർ.കെ എൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ അനൂപ് ആർ.എൽ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീത | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 08-12-2019 |
| ശ്രീമതി സജന കായിക്കീൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 09-12-2019 | 31-03-2020 |
| ഡോ:ഷാജി .യു | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 23-06-2019 |
| ഡോ:ഷാജു.ആർ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 24-06-2019 | 16-10-2019 |
| ഡോ:ചിത്ര പി.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 17-10-2019 | 31-10-2019 |
| ഡോ:ഷാജു.ആർ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-11-2019 | 14-01-2020 |
| ഡോ:ഉമാമഹേശ്വരി.എസ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 15-01-2020 | 31-03-2020 |
| ശ്രീ അജിത് കുമാർ.വി പി | അസിസ്റ്റന്റ് | 01-04- | 24-07- |

| | | | |
|---|---|---|---|
| | സെക്രട്ടറി,ഗ്രാമപഞ്ചായത്ത് | 2019 | 2019 |
| ശ്രീ ജോസഫ് പി.എ | അസിസ്റ്റന്റ് സെക്രട്ടറി,ഗ്രാമപഞ്ചായത്ത് | 25-07-2019 | 31-03-2020 |
| ഡോ:ബിജോയ് മാത്യു | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2019 | 31-12-2019 |
| ഡോ:ബിൻസി ജോസഫ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-01-2020 | 31-03-2020 |
| ശ്രീ.രഞ്ജിത്ത് കുമാർ.കെ | വി.ഇ.ഒ,ആലക്കോട് സർക്കിൾ | 01-04-2019 | 11-02-2020 |
| ശ്രീമതി ബിന്ദു.കെ കെ | വി.ഇ.ഒ,ആലക്കോട് സർക്കിൾ | 12-02-2020 | 31-03-2020 |
| ശ്രീ.രഞ്ജിത്ത് കുമാർ.കെ കെ | വി.ഇ.ഒ,തേർത്തല്ലി സർക്കിൾ -ഇൻ ചാർജ് | 01-04-2019 | 22-04-2019 |
| ശ്രീമതി ദിവ്യ വിജയൻ | വി.ഇ.ഒ,തേർത്തല്ലി സർക്കിൾ | 23-04-2019 | 04-01-2020 |
| ശ്രീ രഞ്ജിത്ത് കുമാർ.കെ | വി.ഇ.ഒ,തേർത്തല്ലി സർക്കിൾ -ഇൻ ചാർജ് | 05-01-2020 | 10-02-2020 |
| ശ്രീമതി ദിവ്യ വിജയൻ | വി.ഇ.ഒ,തേർത്തല്ലി സർക്കിൾ | 11-02-2020 | 31-03-2020 |
| ശ്രീ.പ്രകാശൻ ഡി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ശ്രീ.ജിതിൻബോസ് കെ.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 17-07-2019 | 24-11-2019 |
| ശ്രീ.രൂപേഷ് ടി. | അസിസ്റ്റന്റ് എഞ്ചിനീയർ | 25-11-2019 | 31-01-2020 |
| ശ്രീമതി റോസ്ലിജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-02-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 1-1 |
| 2 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-12-2021) | 1-1-1 |
| 3 | അധികവിഭവസമാഹരണം-കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-1-2 |
| 4 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: Ganesan Keloth (Asst. Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-12-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-12-2021) | 1-5 |
| 9 | വിനിയോഗത്തിലെ കുറവ്-ഗ്രാമപഞ്ചായത്തിന് 3.25കോടി രൂപയുടെ നഷ്ടം.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-12-2021) | 1-5-1 |
| 10 | മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-5-2 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-12-2021) | 1-6 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: Anu Abraham (Auditor, On 22-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-7 |
| 13 | ക്യാഷ് പരിശോധന<br>Written By: Suresh Babu KV (Audit Officer, On 05-10-2021)<br>Last Updated By: Suresh Babu KV (Audit Officer, On 05-10-2021) | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Suresh Babu KV (Audit Officer, On 21-11-2021) | 1-10 |
| 16 | ഫിലിം സിറ്റിയുടെ വസ്തുനികുതി നിർണ്ണയം-കംപ്ലീഷൻ | 1-11 |

| | | |
|---|---|---|
| | പ്ലാനിലുള്ളതിനേക്കാൾ കൂടിയ ഏരിയയ്ക്ക് വസ്തുനികുതി നിർണ്ണയം നടത്തി.<br>Written By: Anu Abraham (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | |
| 17 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Anu Abraham (Auditor, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-12 |
| 18 | മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - തുടർനടപടി സ്വീകരിച്ചിട്ടില്ല<br>Written By: Anu Abraham (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-13 |
| 19 | പഞ്ചായത്ത് FTE&OS ലൈസൻസ് ഫീസ് നിരക്ക് നിശ്ചയിച്ചതിലെ അപാകങ്ങൾ<br>Written By: Anu Abraham (Auditor, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-12-2021) | 1-14 |
| 20 | പഞ്ചായത്ത് പരിധിയിലെ കള്ളുഷാപ്പുകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല.<br>Written By: Anu Abraham (Auditor, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-15 |
| 21 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-16 |
| 22 | ജനറൽ പർപ്പസ് ഫണ്ട്-ലഭ്യമായില്ല<br>Written By: Ganesan Keloth (Asst. Audit Officer, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-17 |
| 23 | ക്ഷാമ ബത്ത കുടിശ്ശിക- ദേശീയ പെൻഷൻ പദ്ധതി വിഹിതം ഈടാക്കിയില്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 22-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-12-2021) | 1-18 |
| 24 | ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയത് - കരാറുകാരൻ ജിഎസ്.ടി അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-19 |
| 25 | പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Suresh Babu KV (Audit Officer, On 25-11-2021) | 1-20 |
| 26 | പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-21 |
| 27 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പ് വിതരണം-ലാപ് ടോപ്പ് നൽകിയത് പഠനകാലയളവിനുശേഷം.<br>Written By: Anu Abraham (Auditor, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-22 |
| 28 | പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം -അപാകങ്ങൾ<br>Written By: Anu Abraham (Auditor, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-23 |
| 29 | എസ് എസ് എ വിഹിതം നൽകൽ-വിശദാംശങ്ങൾ | 1-24 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല.<br>Written By: Ganesan Keloth (Asst. Audit Officer, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | |
| 30 | യന്ത്രോപകരണങ്ങളുടെ പരിപാലനം- മേൽ നോട്ട സമിതി രൂപീകരിച്ചിട്ടില്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 22-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-25 |
| 31 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 22-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Suresh Babu KV (Audit Officer, On 21-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Suresh Babu KV (Audit Officer, On 21-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Suresh Babu KV (Audit Officer, On 21-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Suresh Babu KV (Audit Officer, On 21-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Suresh Babu KV (Audit Officer, On 21-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Suresh Babu KV (Audit Officer, On 25-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Suresh Babu KV (Audit Officer, On 21-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് |

# ഭാഗം -1

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 06-02-2019 തീയതിയിലെ യോഗത്തിലെ 06/2019(1) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 26-02-2019 തീയതിയിൽ രാവിലെ ചേർന്ന ഭരണസമിതി സാധാരണയോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-23/19(1)) അതേ ദിവസം ഉച്ചക്ക് ശേഷം ചേർന്ന ഭരണസമിതിയുടെ സാധാരണയോഗത്തിൽ 24/2019(2) തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 09.03.2020 യോഗത്തിലെ 13/20 നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 17-03-2020 തീയതിയിലെ 4/40/20 തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 6920089 | 20841683 |
| വരവ് | 208334290 | 261365534 |
| ആകെ | 215254379 | 282207217 |
| ചെലവ് | 206469363 | 266889767 |
| നീക്കിയിരിപ്പ് | 8785016 | 15317450 |

ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം മറ്റൊരു പ്രത്യേകയോഗത്തിൽ അംഗീകരിക്കുവാനും പാസാക്കുവാനുമാണ് ബജറ്റ് മാന്വലിലെ നിർദ്ദേശം. കരട് ബജറ്റ് ചർച്ചകൾക്ക് വിധേയമാക്കാതെയും യാതൊരു ഭേദഗതികൾ നിർദ്ദേശിക്കാതെയും അവതരിപ്പിച്ച ദിവസം തന്നെ ബജറ്റ് പാസാക്കിയത് ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

### 1-1-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-2 അധികവിഭവസമാഹരണം-കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത്

**ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.**

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതരവർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ, ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വരുമാനവർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.ഓരോ സാമ്പത്തികവർഷത്തിലും തനത് വരുമാനവർദ്ധനവിന് സർക്കാർ അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അതാത് പ്രാദേശിക സർക്കാരുകളും ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-1-3 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

4.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 01-07-2020 | തിരിച്ചയച്ചിട്ടില്ല |

1. തൻവർഷം വരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ആകെ മൂല്യം 157763461 /- രൂപയാണ്. (ബി-11 + ബി 11എ) എന്നാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ B-3-യിൽ കാണിച്ചിരിക്കുന്നത് 173989856 രൂപയാണ്. വ്യത്യാസം 16226395/- രൂപ. ഇപ്രകാരം ആസ്തി ബാധ്യതകൾ തുല്യമാക്കിയതിന്റെ വിധം വിശദമാക്കപ്പെട്ടിട്ടില്ല.

2. ബി4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നത് 3814703/- രൂപയാണ്. ബി 17 പ്രകാരം 3607898/- രൂപ മാത്രമേ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ കാണിച്ചിട്ടുള്ളൂ. വ്യത്യാസം 206805/- രൂപ.

3.തെരുവു വിളക്കുകളുടെ കുടിശ്ശിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.

4. ബാലൻസ് ഷീറ്റിൽ വസ്തു നികുതി കുടിശ്ശികയ്ക്ക് ആനുപാതികമായ തുകയല്ല ലൈബ്രറി സെസ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5. ആർജ്ജിച്ച ആസ്തികളുടെ വർഗ്ഗീകരണം, മൂല്യനിർണ്ണയം എന്നിവ നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

6.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ഭൂമിയുടേയും മൂല്യം അക്കൗണ്ടിങ്ങിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28820185 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69461736 |
| ആകെ | 98281921 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66799577 |
| നീക്കിയിരിപ്പ് | 31482344 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല. |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 21519000 | 21519000 | 19739494 | 1779506 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 2184000 | 2184000 | 1199285 | 984715 |
| വികസന ഫണ്ട്-ടി എസ് പി | | 0 | 4547000 | 4547000 | 2075834 | 2471166 |
| മെയിന്റനൻസ്, റോഡ് | | 0 | 18651000 | 18651000 | 3480999 | 15170001 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 6915000 | 6915000 | 4502839 | 2412161 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 16446000 | 16446000 | 5704247 | 10741753 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി+മെറ്റീരിയൽ വില | 0 | 30669267 | 30669267 | 30669267 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2736 | 1085256 | 1087992 | 700903 | 387089 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ടി.എസ്.സി | | 2500 | 210000 | 212500 | 210000 | 2500 |
| എസ് എസ് എ | | 363152 | 12318 | 375470 | 118 | 375352 |
| പശ്ചിമ ഘട്ടവികസന പദ്ധതി | | 586085 | 18669 | 604754 | 0 | 604754 |
| ഐ.സി.ഡി.എസ് | | 779972 | 926846 | 1706818 | 1356801 | 350017 |
| പൈക്ക | | 340357 | 10970 | 351327 | 0 | 351327 |
| Solid Waste Managemennt | | 181235 | 0 | 181235 | 11819 | 169416 |
| എം പി ഫണ്ട് | | 14125 | 487 | 14612 | 0 | 14612 |
| | | | | | | |

| | | | | | |
|---|---|---|---|---|---|
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 12988 | 0 | 12988 | 12988 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| സാക്ഷരത | 2518 | 15580 | 18098 | 2518 | 15580 |
| കേരളോത്സവം | 0 | 20000 | 20000 | 0 | 20000 |
| ജലനിധി | 825096 | 142953 | 968049 | 402900 | 565149 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 2200000 | 7660 | 2207660 | 0 | 2207660 |
| സാക്ഷരത ഗ്രാന്റ് | 2518 | 15580 | 18098 | 15494 | 2604 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 231 | 131900636 | 123 | 51778537 | 11 | 108 | 112 | **48.48** |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 2406560 | 1867140 | 77.59 |
| വെറ്റിനറി സർജ്ജൻ | 11 | 7 | 8474756 | 5849218 | 69.02 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 11 | 9 | 2847015 | 2075392 | 72.9 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 3 | 2 | 1245066 | 1064581 | 85.5 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ആലക്കോട് | 18 | 14 | 26079207 | 7994507 | 30.65 |
| ഐസിഡിഎസ് സൂപ്പർവൈസർ | 9 | 6 | 6878886 | 5702174 | 82.89 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 22 | 13 | 8858373 | 6006465 | 67.81 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-തേർത്തല്ലി | 8 | 7 | 4640000 | 1126649 | 24.28 |
| അസിസ്റ്റന്റ് എഞ്ചിനീയർ, (തസ്വഭവ.) | 126 | 46 | 66583173 | 17750423 | 26.66 |
| ഹെഡ്മാസ്റ്റർ, ഗവൺമെന്റ് യു. പി സ്കൂൾ | 8 | 6 | 1582500 | 1262136 | 79.76 |
| അസിസ്റ്റന്റ് | 8 | 6 | 2305100 | 1079852 | 46.85 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത് | | | | | |
| ആകെ | 231 | 123 | 131900636 | 51778537 | 39.26 |

## 1-5-1 വിനിയോഗത്തിലെ കുറവ്-ഗ്രാമപഞ്ചായത്തിന് 3.25കോടി രൂപയുടെ നഷ്ടം.

2019-2020 സാമ്പത്തികവർഷത്തിൽ 75 സ്പിൽ ഓവർ പ്രൊജക്ടുകളും 156 പുതിയ പ്രൊജക്ടുകളും ഉൾപ്പെടെ 231 പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതിൽ 123 പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുവാനാണ് സാധിച്ചത്. വിവിധ പ്രൊജക്ടുകളിൽ 131900636രൂപ വകയിരുത്തിയതിൽ 51778537/- രൂപ മാത്രമാണ്ചെലവഴിച്ചത്.വികസന ഫണ്ട്,മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയുടെ ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വികസന ഫണ്ട് സ്രോതസ്സുകൾ | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം- സാധാരണഫണ്ട് | 21519000 | 19739494 | 1779506 | 91.73 |
| എസ്.സി.പി. | 4547000 | 2075834 | 2471166 | 45.66 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 16446000 | 5704247 | 10741753 | 34.69 |
| മെയിന്റനൻസ് ഫണ്ട് ( റോഡ്) | 18651000 | 3480999 | 15170001 | 18.67 |
| മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ് ) | 6915000 | 4502839 | 2412161 | 65.12 |
| ആകെ | 68078000 | 35503413 | 32574587 | 52.15 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 32574587/- രൂപ നഷ്ടപ്പെട്ടിരിക്കുകയാണ് (സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018, പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക). പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും പൊതുമരാമത്ത് വിഭാഗത്തിൽ നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളൂവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5-2 മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ് നിവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള വിശദമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല. പ്രൊജക്ട് ഫയലുകളിൽ വിശദമായ മോണിറ്ററിംഗ് നടത്തിയതുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട ഫാറത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ലഭിക്കാതെ തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല.ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് | 0 | 30669267 | 30669267 | 30669267 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത്,മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ | | | | | |
| ഭരണചെലവുകൾ | 2736 | 1085256 | 1087992 | 700903 | 387089 |
| ആകെ | 2736 | 31754523 | 31757259 | 31370170 | 387089 |

കുറിപ്പ്: പട്ടിക പ്രകാരമുള്ള ആകെ ചെലവ് I-14(A)-യിലെ തുകയുമായി (Total Poverty Alleviation Programms – General – 34323105) പൊരുത്തപ്പെടുന്നില്ല. ആയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

2019-20 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6720 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 2839800 | 470 |
| വിധവാപെൻഷൻ | 6653400 | 1167 |
| വാർദ്ധക്യകാലപെൻഷൻ | 18832500 | 3371 |
| വികലാംഗ പെൻഷൻ | 2094100 | 379 |
| വിവാഹ ധനസഹായം | 60000 | 2 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 33000 | 59 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.10.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13340 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം /വിപുലീകരണം നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കുന്നുണ്ട്.എന്നാൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട്ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. നികുതികളും ഫീസുകളും പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിലും കുടിശ്ശിക ഈടാക്കുന്നതിലും നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കുന്ന ചുമതലകൾ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (ആഗസ്റ്റ്,സെപ്തംബർ 20201) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2020 നവംബർ മാസം മുതലുള്ള 25 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്.അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്.

## 1-11 ഫിലിം സിറ്റിയുടെ വസ്തുനികുതി നിർണ്ണയം-കംപ്ലീഷൻ പ്ലാനിലുള്ളതിനേക്കാൾ കൂടിയ ഏരിയയ്ക്ക് വസ്തുനികുതി നിർണ്ണയം നടത്തി.

ഫയൽ നമ്പർ എ1-1059/19

ആലക്കോട് ഫിലിം സിറ്റിയുടെ വസ്തു നികുതി നിർണ്ണയത്തിനായി സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം ബിൽഡ് അപ് ഏരിയ 2884.04 ചതുരശ്ര മീറ്റർ ആണ്. എന്നാൽ 3082.67 ചതുരശ്ര മീറ്ററിനാണ് വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്. അധികമായി വസ്തുനികുതി നിർണ്ണയം നടത്തിയ 198.63 ചതുരശ്ര മീറ്ററിന് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടില്ല. വ്യത്യാസത്തിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-15/2019-20 തീയതി 23/11/2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫ്ലോർ ഏരിയയിൽ അധികം വന്ന 198.63 ചതുരശ്ര മീറ്റർ റെഗുലറൈസ് ചെയ്ത് ഫീ ഈടാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

1.താഴെക്കൊടുത്തിരിക്കുന്നവർ അവർ ജോലി ചെയ്തിരിക്കുന്ന സ്ഥാപനത്തിൽ അതാത് അർദ്ധവർഷം 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്യുകയും തുടർന്ന് റിട്ടയർ ആവുകയും ചെയ്തവരാണ്. എന്നാൽ തൊഴിൽ നികുതി റിട്ടേൺ പ്രകാരം ആയവർ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.

| ക്രമ | പേര്/ സ്ഥാപനം | റിട്ടയർ ആയ | തൊഴിൽ നികുതി |
|---|---|---|---|

| നം | | തിയതി | ഒടുക്കേണ്ട അർദ്ധ വർഷം |
|---|---|---|---|
| 1 | മുരളീധരൻ കെ.പി./PHC തേർത്തല്ലി | 31.5.19 | ഒന്നാം അർദ്ധ വർഷം |
| 2 | രാജൻ കെ./PHC തേർത്തല്ലി | 30.6.19 | ഒന്നാം അർദ്ധ വർഷം |
| 3 | സിസ്റ്റർ അന്നമ്മ പി.എ./ ഹോളിഫാമിലി LPS നെല്ലിപ്പാറ | ചേർത്തിട്ടില്ല. | വ്യക്തമല്ല. |
| 4 | അന്നമ്മ വി.യു./ഹോളിഫാമിലി LPS നെല്ലിപ്പാറ | 31.5.19 | ഒന്നാം അർദ്ധ വർഷം |

2.താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1. | സബ് പോസ്റ്റ് ഓഫീസ്,ആലക്കോട് | രണ്ടാം അർദ്ധ വർഷം |
| 2 | സബ് പോസ്റ്റ് ഓഫീസ്,ഒറ്റത്തൈ | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | KPH കൺസ്ട്രക്ഷൻസ്,മൂന്നാംകുന്ന്,രയറോം | രണ്ടാം അർദ്ധ വർഷം |
| 4 | ക്ഷീരോൽപാദക സഹകരണ സംഘം,ഒറ്റത്തൈ | ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | ക്ഷീരോൽപാദക സഹകരണ സംഘം,തിമിരി | ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | ക്ഷീരോൽപാദക സഹകരണ സംഘം,ചെറുപാറ | ഒന്നും രണ്ടും അർദ്ധ വർഷം |
| 7 | ക്ഷീരോൽപാദക സഹകരണ സംഘം,നെടുവോട് | ഒന്നും രണ്ടും അർദ്ധ വർഷം |
| 8 | കള്ള് ഷാപ്പ് ,ഒറ്റത്തൈ | ഒന്നും രണ്ടും അർദ്ധ വർഷം |
| 9 | കള്ള് ഷാപ്പ് ,തടിക്കടവ് | രണ്ടാം അർദ്ധ വർഷം |
| 10 | കള്ള് ഷാപ്പ് ,കോട്ടക്കടവ് | രണ്ടാം അർദ്ധ വർഷം |
| 11 | കള്ള് ഷാപ്പ് ,കാവുംകുടി | രണ്ടാം അർദ്ധ വർഷം |
| 12 | കള്ള് ഷാപ്പ് ,കുടപ്രം | രണ്ടാം അർദ്ധ വർഷം |
| 13 | ആലക്കോട് റബ്ബർ അഗ്രി മാർക്കറ്റിംഗ് കോ-ഓപറേറ്റീവ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷം |

3..താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ അരങ്ങം | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | കള്ള് ഷാപ്പ് ,ഒറ്റത്തൈ | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | കള്ള് ഷാപ്പ്,അരങ്ങം | രണ്ടാം അർദ്ധ വർഷം |
| 5 | കള്ള് ഷാപ്പ് ,തടിക്കടവ് | രണ്ടാം അർദ്ധ വർഷം |
| 6 | കള്ള് ഷാപ്പ് ,കോട്ടക്കടവ് | രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| 9 | കള്ള് ഷാപ്പ് ,കാവുംകുടി | രണ്ടാം അർദ്ധ വർഷം |
| 10 | കള്ള് ഷാപ്പ് ,കൂടപ്രം | രണ്ടാം അർദ്ധ വർഷം |
| 11 | പോപ്പി ടെക്സ്,ആലക്കോട് | ഒന്നും രണ്ടും അർദ്ധവർഷം |
| 12 | സൂര്യ വസ്ത്രാലയം,ആലക്കോട് | ഒന്നും രണ്ടും അർദ്ധവർഷം |
| 13 | ആലക്കോട് ഫിലീം സിറ്റി | ഒന്നും രണ്ടും അർദ്ധവർഷം |

4. 2019-20 വർഷം ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ ,പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5.കാനറാ ബാങ്ക് ആലക്കോട് ബ്രാഞ്ചിലെ താഴെപ്പറയുന്ന ജീവനക്കാർ 2019-20 വർഷത്തെ തൊഴിൽ നികുതി റിട്ടേണിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| |
|---|
| റോബിൻസ് മാത്യു,ക്ലർക്ക്,എക്സ് എയർഫോഴ്സ് |
| നിഷാദ് കെ.എം,ക്ലർക്ക്,എക്സ് നേവി |

## 1-13 മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - തുടർനടപടി സ്വീകരിച്ചിട്ടില്ല

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ 3 ടവറുകൾക്ക് താഴെക്കൊടുത്തിരിക്കുന്ന പെർമിറ്റുകൾ പ്രകാരം നിർമ്മാണാനുവാദം നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019, റൂൾ 87 പ്രകാരം മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. പെർമിറ്റ് കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം അസ്സൽ പെർമിറ്റ് ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ മൊബൈൽ ടവർ നിർമാണ പെർമിറ്റിന്റെ കാലാവധി അവസാനിച്ചിട്ടും പെർമിറ്റ് പുതുക്കുകയോ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല.

| രജിസ്റ്ററിലെ ക്രമ നം | അപേക്ഷകൻ | സർവ്വേ നം. | പെർമിറ്റ് നം |
|---|---|---|---|
| 3 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്,കൊച്ചി | 18,ആലക്കോട് | A1-BA(87547)/2019 Dt 3.4.19 |
| 4 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്,കൊച്ചി | 100/2എ,തിമിരി | A1-BA(87593)/2019 Dt 3.4.19 |
| 28 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്,കൊച്ചി | 53/1A | A1-BA(117035)/2019 Dt 8.5.19 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-15/2019-20 തീയതി 23/11/2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് കാലാവധിയായ ഒരു വർഷം കഴിഞ്ഞിട്ടും കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്യാത്തത് സംബന്ധിച്ച് പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പഞ്ചായത്ത് FTE&OS ലൈസൻസ് ഫീസ് നിരക്ക് നിശ്ചയിച്ചതിലെ അപാകങ്ങൾ

1) 31.10.2017ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം

ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ സംരംഭങ്ങളെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ വിവിധ സ്ലാബുകളായി തിരിച്ച് പട്ടിക രണ്ട് പ്രകാരമുള്ള ഫീസ് ആണ് ഈടാക്കേണ്ടത്. പട്ടിക രണ്ടിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങാവുന്ന പരമാവധി ഫീസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ആലക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി 21.6.19 ലെ 16/109/19 നം തീരുമാന പ്രകാരം 2019-20 മുതൽ ഈടാക്കേണ്ട ലൈസൻസ് ഫീസ് സ്ലാബ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ സർക്കാർ ഉത്തരവിലെ ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസിനേക്കാളും ഉയർന്ന നിരക്കിൽ ലൈസൻസ് ഫീ നിശ്ചയിച്ച് ഈടാക്കിയിട്ടുണ്ട്.

| മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീസ് | പഞ്ചായത്ത് നിശ്ചയിച്ച് ഫീസ് |
|---|---|---|---|
| സേവനം | 25 Lakhs-50 Lakhs | 1000 | 2000 |
| ഉത്പാദനം | 15 Lakhs-25 Lakhs | 500 | 1000 |
| ഉത്പാദനം | 25 Lakhs-50 Lakhs | 1000 | 2000 |

2) പഞ്ചായത്ത് ഫീസ് നിരക്ക് നിശ്ചയിച്ചപ്പോൾ കുറഞ്ഞ മൂലധന നിക്ഷേപമുള്ള സ്ലാബിന് തൊട്ടടുത്ത ഉയർന്ന മൂലധനനിക്ഷേപമുള്ള സ്ലാബിനേക്കാൾ കൂടിയ നിരക്കിൽ ലൈസൻസ് ഫീസ് നിശ്ചയിച്ചു.

| മേഖല | മൂലധന നിക്ഷേപം | പഞ്ചായത്ത് നിശ്ചയിച്ച ഫീസ് |
|---|---|---|
| ഉത്പാദനം | 25 Lakhs-50 Lakhs | 2000 |
| ഉത്പാദനം | 50 Lakhs-1 Crore | 1000 |

മേൽ അപാകം ചൂണ്ടിക്കാണിച്ച നൽകിയ എൻക്വയറിക്ക് (11/19.11.21) ആയത് പരിശോധിച്ച് പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-15 പഞ്ചായത്ത് പരിധിയിലെ കള്ളുഷാപ്പുകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല.

കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017,ചട്ടം 4 പ്രകാരം പഞ്ചായത്തു പ്രദേശത്തിനുൾപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് പ്രസിഡന്റ് നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കാൻ പാടില്ല.1-ാം പട്ടിക പ്രകാരം അബ്കാരി ഷാപ്പുകൾ(ക്രമ നം.139) FTE&OS ലൈസൻസ് എടുക്കേണ്ടതാണ്.എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ FTE&OS ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | കള്ള് ഷാപ്പ് ,ഒറ്റത്തൈ |
| 2 | കള്ള് ഷാപ്പ്,അരങ്ങം |
| 3 | കള്ള് ഷാപ്പ്,നെല്ലിപ്പാറ |
| 4 | കള്ള് ഷാപ്പ് ,തടിക്കടവ് |
| 5 | കള്ള് ഷാപ്പ് ,കോട്ടക്കടവ് |
| 6 | കള്ള് ഷാപ്പ് ,തിമിരി |
| 7 | കള്ള് ഷാപ്പ് ,തേർത്തല്ലി |
| 8 | കള്ള് ഷാപ്പ് ,കാവുംകുടി |
| 9 | കള്ള് ഷാപ്പ് ,കൂടപ്രം |

ആയവ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചുവരുന്നത്. അതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം. 11/19.11.21) ഷാപ്പുടമകൾക്ക് നോട്ടീസ് കൊടുത്ത് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-16 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഇതുവരെ ലഭിച്ചിട്ടില്ല .2015-16 വർഷം മുതലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണിത്. അസി. എൻജിനീയർ നടപ്പിലാക്കിയ പ്രവൃത്തികൾക്ക് 2015-16 മുതൽ 2019-20 വർഷം വരെ ഇ-പേയ്മെന്റ് സംവിധാനം മുഖേന കരാറുകാർ ടെണ്ടർ ഫീ ഇനത്തിൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഒടുക്കിയ തുക, ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ച തുക, തിരികെ ലഭിക്കാനുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/ 2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ഇടപാടുകൾ നടത്തുന്നില്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ ഇനത്തിലെ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ജനറൽ പർപ്പസ് ഫണ്ട്-ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിന് 2019-20 വർഷം അനുവദിക്കപ്പെട്ട ജനറൽ പർപ്പസ് ഫണ്ട് വിഹിതത്തിന്റെ ഒരു ഗഡു തുകയായ 1370400/- ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ പാസ്സാക്കാത്തതിനാൽ നഷ്ടമായി. ഓഡിറ്റ് തീയതി വരെ ടി തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടില്ല. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് മേൽപ്പറഞ്ഞ പ്രകാരം തുക നഷ്ടമാകാനിടയായ സാഹചര്യം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (9/2019-20 തീയതി 16.11.2021) ലഭ്യമാക്കിയ മറുപടിയിൽ ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും അനുവദിച്ച 12 ഗഡുക്കളുടേയും ബില്ലുകൾ ബിൽ ബുക്കിൽ ചേർത്ത് സമർപ്പിച്ചിട്ടുണ്ടെങ്കിലും ധനകാര്യവകുപ്പിന്റെ 25.03.2020 ലെ 2480 /2020 ധന ഉത്തരവ് പ്രകാരമുള്ള പന്ത്രണ്ടാം ഗഡു പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വരവ് വന്നിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ധനസ്ഥിതി ബോധ്യപ്പെടുത്തി പഞ്ചായത്തിന് അർഹമായിരുന്നതും ലഭിക്കാതെ പോയതുമായ ഫണ്ട് പുനരനുവദിച്ച് ലഭിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ ക്യാഷ്ബാങ്ക് അക്കൗണ്ടിന്മേലുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി മേൽ സാഹചര്യങ്ങൾ ഉണ്ടാകുന്നത് ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 1-18 ക്ഷാമ ബത്ത കുടിശ്ശിക- ദേശീയ പെൻഷൻ പദ്ധതി വിഹിതം ഈടാക്കിയില്ല.

2019-20 വർഷംആലക്കോട് ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ജി.ഒ (പി) നം. 44/19 ഫിൻ തീ. 04-04-2019 പ്രകാരം 01-01-2018 മുതൽ 31-03-2019 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്നതിന്

₹ 2,60,504 ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ 21900123/18-05-2019) എന്നാൽ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട താഴെ പരാമർശിക്കുന്ന ജീവനക്കാരിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | അനുവദിച്ച ക്ഷാമ ബത്ത കുടിശ്ശിക |
|---|---|---|---|
| 1 | മനു പ്രസാദ് പി.പി | ക്ലർക്ക് | ₹ 11,775 |

| | | | |
|---|---|---|---|
| 2 | നിധിൻ ടി | ക്ലർക്ക് | ₹ 10,905 |
| 3 | ജിക്കു കെ.ജെ | ഓഫീസ് അറ്റൻഡന്റ് | ₹ 10,599 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (AE1/2019-20/12-11-2021) മറുപടിയിൽ തുക ഈടാക്കി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയത് - കരാറുകാരൻ ജിഎസ്.ടി അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

കേരള സർക്കാരിന്റെ സർക്കുലർ നമ്പർ 18/19 ധനം . തീ 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് GST ഉൾപ്പെടാതെയുള്ള തുകയ്ക്ക് എസ്റ്റിമേറ്റ്, ബിൽ എന്നിവ തയ്യാറാക്കുകയും, ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. GST ഉൾപ്പെടാതെ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 50/18 തീ 13/9/2018 GST നോട്ടിഫിക്കേഷൻ പ്രകാരം 2% TDS കുറവ് ചെയ്യുകയും ആയതിന് റിട്ടേൺ സമർപ്പിക്കുകയും ചെയ്യുന്നു.ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും GST ഇനത്തിൽ 2,50,000-ൽ കൂടുതൽ മൂല്യം വരുന്ന പ്രവൃത്തികൾക്ക് നല്കുന്ന തുകയുടെ വിവരം GST വകുപ്പിലേക്ക് എത്തുകയും നികുതി അസ്സസ്സ്മെന്റിന് കരാറുകാരൻ വിധേയനാകുകയും ചെയ്യുന്നു.

പ്രവൃത്തിമൂല്യം 2,50,000 രൂപയിൽ താഴെ മൂല്യമുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് TDS ബാധകമാക്കാത്തതിനാൽ റിട്ടേൺ സമർപ്പിക്കേണ്ടതില്ല.എന്നാൽ GST ഇനത്തിൽ ഈ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക നല്കേണ്ടതുമുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്.GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.

പഞ്ചായത്ത്,കരാറുകാർക്ക് (സേവനദാതാവിന്) നല്കുന്ന തുകക്ക് നിലവിൽ ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്ത് 2019-20 വർഷം നടപ്പാക്കിയതും 2,50,000 രൂപയിൽ താഴെ മൂല്യമുള്ളതുമായ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കിയ തുക സർക്കാരിലേക്ക് അടവാക്കിയോ എന്ന് ഉറപ്പ് വരുത്താനാകുന്നില്ല.

2019-20 വർഷം നടപ്പാക്കിയതും GST കണക്കാക്കുന്നതിന് മുമ്പ് 2,50,000 രൂപയിൽ കുറവ് മൂല്യമുള്ളതും GST ഇനത്തിൽ കരാറുകാർക്ക് തുക നല്കിയതുമായ പ്രവൃത്തികൾക്കുള്ള ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്റ്റ് പേര് ,നമ്പർ | എം.ബുക്ക് നമ്പർ | വൗച്ചർ നമ്പർ | ജി.എസ്. ടി ഉൾപ്പെടെ ആകെ പ്രവൃത്തിമൂല്യം | ജി.എസ് ടി തുക | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|
| 1 | കാലയമുക്ക് കുളാമ്പി റോഡ് ടാറിംഗ്,SO 124/20 | 24/2019-20 | 37/2019-20തീയതി 13-03-2020 | 115534 | 12379 | അനിൽകുമാർ. പി.ബി |
| 2 | അരങ്ങം പഞ്ചായത്ത് കിണർ നവീകരണം SO 145/20 | 42/2019-20 | 50/26-03-2020 | 96056 | 10291 | ജോജോ മാത്യു.കെ.എ |

മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രവൃത്തികൾ ഉൾപ്പെടെയുള്ളവയ്ക്ക് കരാറുകാർ 2019-20 ൽ ഇൻവോയ്സ് തയ്യാറാക്കിയിട്ടുണ്ടാവും. ആ ഇൻവോയ്സ്/അല്ലെങ്കിൽ അതിന്റെ പകർപ്പ്/അല്ലെങ്കിൽ ഈ തുക കരാറുകാരുടെ ഔട്ട്പുട്ട് ടാക്സിൽ ഉൾപ്പെടുത്തി റിട്ടേൺ സമർപ്പിച്ചു എന്നതിന് തെളിവ് കരാറുകാരിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

കരാറുകാരിൽ നിന്ന് ഇൻവോയ്സ് പകർപ്പ് വാങ്ങി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(AE No.21/2020-21 തീ 23/11/2021) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-20 പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല.

30-10-2017 ലെ സർക്കുലർ നം. 59827/എഫ്.എം/07. ത.സ്വ.ഭ.വ പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാമെന്നും ടാർവീപ്പ വിറ്റുകിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി.) 177/2006/ധനം 12-04-2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ഗ്രാമ പഞ്ചായത്തിൽ കരാറുകാർ മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള എസ് .ടി .എസ്.ബി,എൽ ജി ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് (79901300000548-LGTSB,719091400000005-STSB) ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ (ജി.എസ്.ടി ഒഴികെ) ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളിലൊന്നിലും തന്നെ പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല.പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.ഖണ്ഡിക 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പ്രൊജക്റ്റുകളിലൊന്നിലും തന്നെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. 2019-20വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലും മോണിറ്ററിംഗ് സംബന്ധിച്ച് ഒരു ചർച്ചയും നടന്നിട്ടില്ല. പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം പ്രൊജക്ട് ഫയലിൽ ചേർത്തിട്ടില്ല.

പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-22 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പ് വിതരണം-ലാപ് ടോപ്പ് നൽകിയത് പഠനകാലയളവിനുശേഷം.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 14/19-20 |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (എസ്.ടി.) |
| അടങ്കൽ | 210000 വികസന ഫണ്ട്, (ടി.എസ്.പി.) |
| ചെലവ് | 68685 |
| ബിൽ നമ്പർ/തീയതി | 45790 – 9/19-20 26.2.20<br>22895 – 11/19-20 26.2.20 |

ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ താമസിക്കുന്ന എസ്.ടി.വിഭാഗത്തിൽപ്പെട്ട ബിരുദ/ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലാപ് ടോപ്പുകൾ വാങ്ങി

നൽകുന്നതിനാണ് മേൽ പ്രൊജക്ട്. കെൽട്രോണിൽ നിന്നും ₹22,895 വില വരുന്ന 3 Ubuntu-Medium End ലാപ്ടോപ് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് അവരുടെ കോഴ്സ് തീരുന്ന കാലയളവിലാണ് ലാപ് ടോപ്പ് ലഭ്യമായിരിക്കുന്നത്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം പഠിക്കുന്ന ക്ലാസ് | പഠനം പൂർത്തിയാകുന്ന വർഷം | പ്രൊഫോർമ ഇൻവോയ്സ് തിയതി | വിതരണ തിയതി |
|---|---|---|---|---|---|
| 1 | ജിഷ്ണ വേലായുധൻ | 3rd Year BA During 2019-20 | 2019 March | 24.2.20 | ലഭ്യമല്ല |
| 2 | അശ്വതി ബിനു പ്രാൺ | 3rd Year BA During 2019-20 | 2019 March | 24.2.20 | ലഭ്യമല്ല |
| 3 | റെജിൽ ആർ കല്ലാ | 6th Semester BA During 2019-20 | On Or Before 2019 March | 24.2.20 | ലഭ്യമല്ല |

ബിരുദ, ബിരുദാനന്തര, ഡിപ്ലോമ വിദ്യാർത്ഥികൾക്ക് പഠനസഹായത്തിനായി നൽകുന്ന ലാപ് ടോപ്പ് അവരുടെ പഠനകാലയളവിനുശേഷം ലഭിച്ചതുകൊണ്ട് പ്രയോജനമില്ല. അവസാന സെമസ്റ്റർ/വർഷം പഠിക്കുന്ന വിദ്യാർത്ഥികൾ ഗുണഭോക്താക്കളാവുമ്പോൾ അവരുടെ പഠനകാലയളവ് തീരുമ്പോഴാവും ലാപ് ടോപ്പ് ലഭ്യമാവുക. അവർ തുടർന്നു ഉന്നത വിദ്യാഭ്യാസം നേടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പഞ്ചായത്തിന് കഴിഞ്ഞു എന്നു വരില്ല. പ്രൊജക്ട് അതിന്റെ ലക്ഷ്യത്തെ സാധൂകരിക്കുന്നില്ലെന്നു മാത്രമല്ല സർക്കാരിന് വ്യക്തമായ നഷ്ടവുമുണ്ടാകുന്നു. ഇത്തരം പ്രൊജക്ടുകളിൽ അർഹരായ വിദ്യാർത്ഥികളെ അവരുടെ പഠനകാലയളവിന്റെ ഒന്നാം വർഷമോ രണ്ടാം വർഷമോ തന്നെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിക്കുന്ന രീതിയിൽ ഓരോ വർഷവും പ്രൊജക്ടുകൾ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആയതിലേക്ക് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം -അപാകങ്ങൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടിക ജാതി,പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി കെൽട്രോണിൽ നിന്നും ₹22,895 വിലയുള്ള Ubuntu-Medium End ലാപ്ടോപ് (6 എണ്ണം)വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രൊജക്ടുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ എൻക്വയറി നം.(12/19.11.21) പ്രകാരം അറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1)പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (എസ്.ടി.)

| | |
|---|---|
| പ്രോജക്റ്റ് നം | 14/19-20 |
| പ്രോജക്റ്റിന്റെ പേര് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (എസ്.ടി.) |
| അടങ്കൽ | 2,10,000(വികസന ഫണ്ട്-ടി.എസ്.പി.) |
| ചെലവ് | 68,685(വികസന ഫണ്ട്-ടി.എസ്.പി) |
| ബിൽ നം/ തിയതി | 45,790 9/19-20 26.2.20<br>22,895 11/19-20 26.2.20 |

1.ഓർഡർ ചെയ്ത സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ് തന്നെയാണോ ലഭ്യമാക്കിയതെന്നുള്ള സാക്ഷ്യപത്രമില്ല.സ്റ്റോക്കിലെടുത്തിട്ടില്ല.

2.ലാപ്ടോപ് വിതരണം ചെയ്ത തിയതി രേഖപ്പെടുത്തിയിട്ടില്ല-ലാപ്ടോപുകൾ ഘട്ടം ഘട്ടമായി ലഭ്യമായതിനാലാണ് വിതരണ തിയതി രേഖപ്പെടുത്താൻ സാധിക്കാത്തത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്.മറുപടി തൃപ്തികരമല്ല.വിതരണ തിയതി കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3.ലാപ്ടോപ് ലഭിച്ച റെജിൽ ആർ കല്ലാ എന്ന ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റിൽ ലോക്കൽ ബോഡി നടുവിൽ പഞ്ചായത്ത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ടിയാൻ താമസിക്കുന്ന വെള്ളാട് വില്ലേജ് നടുവിൽ, ആലക്കോട് ഗ്രാമപഞ്ചായത്തിലായി വ്യാപിച്ചുകിടക്കുന്നതിനാൽ ലോക്കൽ ബോഡി തെറ്റായി രേഖപ്പെടുത്തിയതാണെന്നും ശരിയായ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.ടിയാൻ നടുവിൽ പഞ്ചായത്തിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

<u>2)പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (എസ്.സി.)</u>

| | |
|---|---|
| പ്രോജക്റ്റ് നം | 15/19-20 |
| പ്രോജക്റ്റിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (എസ്.സി.) |
| അടങ്കൽ | 1,20,000(വികസന ഫണ്ട്-എസ്.സി.പി.) |
| ചെലവ് | 68,685(വികസന ഫണ്ട്-എസ്.സി.പി) |
| ബിൽ നം/ തിയതി | 45,790 10/20-21 26.2.20<br>22,895 8/20-21 26.2.20 |

1.ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.ഓർഡർ ചെയ്ത സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ് തന്നെയാണോ ലഭ്യമാക്കിയതെന്നുള്ള സാക്ഷ്യപത്രമില്ല.സ്റ്റോക്കിലെടുത്തിട്ടില്ല.

3.ലാപ്ടോപ് വിതരണം ചെയ്ത തിയതി രേഖപ്പെടുത്തിയിട്ടില്ല.
അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

## <u>1-24 എസ് എസ് എ വിഹിതം നൽകൽ-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.</u>

നിർവ്വഹണം - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം. 19/20 പ്രകാരം, വികസന ഫണ്ട് (പൊതു) 900000/- രൂപ എസ്.എസ്.എ. പഞ്ചായത്ത് വിഹിതമായി ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തീയ്യതി 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ത.സ്വ.ഭ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. തൻവർഷം പ്രൊജക്ട് രൂപീകരണത്തിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന നിർദ്ദേശങ്ങളോ രേഖകളോ ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/201-20 തീയതി 16.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. .പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ എസ്.എസ്.എ. മുഖേന നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസം, കായികം, യുവജനക്ഷേമ വർക്കിങ് ഗ്രൂപ്പിൽ ചർച്ച നടത്തുകയോ ശുപാർശ ചെയ്യുകയോ ഉണ്ടായിട്ടില്ല. എസ്.എസ്.കെയിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ച 9 ലക്ഷം രൂപ വിവിധ പ്രവർത്തനങ്ങൾക്ക വേണ്ടി ചെലവഴിച്ച എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ത.സ്വ.ഭ സ്ഥാപനം മുഖ്യപങ്ക് വഹിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടുകൾ പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച പ്രകാരം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-25 യന്ത്രോപകരണങ്ങളുടെ പരിപാലനം- മേൽ നോട്ട സമിതി രൂപീകരിച്ചിട്ടില്ല.</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നമ്പർ | 39 |
| പ്രോജക്ടിന്റെ പേര് | കാട് വെട്ട് യന്ത്രം വിതരണം വനിത ഗ്രൂപ്പുകൾക്ക് |
| അടങ്കൽ | 133020<br>119718 വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം<br>13302 ഗുണ ഭോക്തൃ വിഹിതം |
| ചെലവ് | 133020 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് റെയ്ഡ്കോയിൽ നിന്നും കാടു വെട്ട് യന്ത്രം വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഇനത്തിൽ 119718 രൂപ വികസന ഫണ്ടിൽ നിന്നും വിവിധ വനിതാ ഗ്രൂപ്പുകളുടെ അക്കൗണ്ടുകളിലേക്ക് കൈമാറിയിട്ടുണ്ട് . വിശദാംങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ,തീയ്യതി , തുക | വാങ്ങിയ കാടു വെട്ട് യന്ത്രങ്ങളുടെ എണ്ണം |
|---|---|---|
| 1 | 6/19-20 തീയ്യതി 26-12-2019 തുക 39906 | 2 |
| 2 | 5/19-20 തീയ്യതി 26-12-2019 തുക 79812 | 4 |

മേൽ സൂചിപ്പിച്ചതു പ്രകാരം 6 കാട് വെട്ട് യന്ത്രങ്ങൾ 6 വനിതാ കുടുബശ്രീകൾക്ക് ലഭിച്ചിട്ടുണ്ട്. 14-02-2018ലെ സ.ഉ.(കൈ) നമ്പർ 22/2018/ത.സ്വ.ഭ.വ നമ്പർ പ്രകാരമുള്ള സബ്സിഡി മാർഗ രേഖയിലെ ഖണ്ഡിക 6.1ന്റെ കുറിപ്പിൽ വാങ്ങുന്ന ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും മേൽ നോട്ടം , നടത്തിപ്പ് തുടങ്ങിയവയ്ക്കായി പഞ്ചായത്ത് ഒരു സമിതി രൂപീകരിക്കുകയും യന്ത്രോപകരണങ്ങൾ വാടകക്ക് നൽകുന്നതിന്റെ വരവ് ചെലവ് കണക്കുകൾ പ്രസ്തുത സമിതി സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം ആലക്കോട് പഞ്ചായത്തിൽ ഇതേ വരെ സമിതി രൂപീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (AE-7/2019-20/16-11-2021) മറുപടിയിൽ മേൽനോട്ട സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സമിതി രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| പ്രോജക്ട് നമ്പർ | 143 |
| പ്രോജക്ടിന്റെ പേര് | വയബിലിറ്റി ഗ്യാപ് ഫണ്ട് |
| അടങ്കൽ | ₹3,62,889 വികസന ഫണ്ട് സാധാരണ വിഹിതം. |
| ചെലവ് | ₹ 22,889 |
| ബിൽ നമ്പർ,തീയ്യതി | 17/19-20 തീയ്യതി-19-02-2020 |

08-02-2018ലെ സ.ഉ. (സാധാ) നമ്പർ 387/2018/ത.സ്വ.ഭ.വ. ഉത്തരവിൽ ക്ലീൻ കേരള കമ്പനിക്ക് ആദ്യത്തെ ഒരു വർഷം വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിനും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഈ ആവശ്യത്തിലേക്കായി വിഹിതം വകയിരുത്തി ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതിനും അനുമതി നൽകപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആലക്കോട് ഗ്രാമ പഞ്ചായത്ത് മേൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം ₹22,889 തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ഇതേ വരെ ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 04.10.21 മുതൽ 05.10.21 വരെ | നം.കെ.എസ്.എ./കെ.എൻ.ആർ./ സി.13/1353/21 തീയതി: 13.12.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | മുന്നിരിപ്പുൾപ്പെടെ ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്, കണ്ണൂർ | 0 | 492158 | പാലുൽപ്പാദന ഇൻസന്റീവ് (പ്രോജക്ട് നമ്പർ-16/20) | 492158 | 492158 | 0 |
| | 0 | 39270 | തരിശുരഹിതപച്ചക്കറി കൃഷി (പ്രോജക്ട് നമ്പർ-56/20) | 39270 | 39270 | 0 |
| | 0 | 375000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നമ്പർ-10/20) | 375000 | 375000 | 0 |
| | 0 | 630387 | കാവും കുടി കമ്മ്യൂണിറ്റി ഹാൾ നവീകരണം (പ്രോജക്ട് നമ്പർ-SO 196/20) | 630387 | 553661 | 76726 |
| | | **1536815** | | **1536815** | **1460089** | **76726** |
| ബ്ലോക്ക് പഞ്ചായത്ത്, | 119000 | 0 | തരിശുരഹിതപച്ചക്കറി കൃഷി | 119000 | 19635 | 99635 |

| | | | | | | |
|---|---|---|---|---|---|---|
| തളിപ്പറമ്പ്. **ആകെ** | | | (പ്രോജക്ട് നമ്പർ-56/20) | | | |
| | 600000 | 0 | പാലുൽപ്പാദന ഇൻസന്റീവ് (പ്രോജക്ട് നമ്പർ-16/20) | 600000 | 600000 | 0 |
| | 300000 | 0 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നമ്പർ-10/20) | 300000 | 300000 | 0 |
| | 1600000 | 0 | ലൈഫ് ഭവന പദ്ധതി (പ്രോജക്ട് നമ്പർ-26/20) | 1600000 | 0 | 1600000 |
| | | 500000 | ആയുർവേദാശുപത്രി പഴയ കെട്ടിടം അറ്റകുറ്റപ്പണി (പ്രോജക്ട് നമ്പർ-31/20) | 500000 | 500000 | 0 |
| | | 300000 | 65-20 പെരുവട്ടം അങ്കണവാടി ബിൽഡിംഗ് നിർമ്മാണം (പ്രോജക്ട് നമ്പർ-65/20) | 300000 | 0 | 300000 |
| | 2619000 | **800000** | | **3419000** | **1419635** | **1999365** |

പട്ടികയിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുകകൾക്ക് പുറമെ ബി.4 ഷെഡ്യൂളിൽ ഉൾപ്പെടുന്ന മറ്റ് തുകകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. സംയുക്ത പദ്ധതികൾക്കായി ഇപ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച ഫണ്ടിൽ വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അതാത് ഹെഡുകളിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെ വിവരം

| വർഷം | വായ്പയുടെ ഉദ്ദേശ്യം, വായ്പ അനുവദിച്ച സ്ഥാപനം. | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2019-20 | ഇഎംഎസ് ഭവന നിർമ്മാണ പദ്ധതി ആലക്കോട് സർവീസ് സഹകരണ ബാങ്ക് | സ.ഉ.(എം.എസ് ) 274/2010 തീയതി 27-01-2010 | 24075000 | 2654132 | 2654132 | 0 | 0 |
| 2019-20 | ലൈഫ് ഭവന പദ്ധതി -കെ.യു.ആർ.ഡി.എഫ്.സി | ലഭ്യമാക്കിയില്ല | 4425888 | 4425888 | 426471 | | 3999417 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം 1353278 രൂപയുടെ സ്ഥിരനിക്ഷേപം നിലവിലുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1244384 |
| തൻവർഷം നിക്ഷേപിച്ച തുക | 108894 (പലിശ) |
| ആകെ | 1353278 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1353278 |
| സ്ഥിരനിക്ഷേപത്തിന്റെ വിവരം | A/C No. 1063512000002/1 നമ്പർ-104681/26-02-2020 കാലാവധി തീയതി-26-02-2021 കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്, ആലക്കോട് ശാഖ |

## 4-7 ഓഡിറ്റ് റിക്കവറി

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.13.4 | 2001-02 | 6 | സാമൂഹ്യജലസേചനപദ്ധതി | സമിതിയുടെ പരിഗണനയിൽ |
| 2004-05 | 3.13.1.7 | 2001-02 | 6,7,8 | പദ്ധതിവിഹിതം | സമിതിയുടെ പരിഗണനയിൽ |
| 2005-06 | 85.3 | 2001-02 | 3.3 | തേയിലകൊതുക് നിവാരണം. | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 69461736 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66799577 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല. |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല.

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-12,1-13,1-15 |

**(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.**

ഇല്ല.

**(ജി) ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകകളുടെ വിവരം.**

| എൻക്വയറി നമ്പർ | വിഷയം | അടവാക്കിയ തുക | രസീത് നം.തീയതി,അടവാക്കിയ വ്യക്തിയുടെ പേര് |
|---|---|---|---|
| 6/2019-20 തീയതി 16- | വിവിധ സ്ഥാപനങ്ങളിൽ | 7786 | 121010102535 തീയതി 22-11-2021 |

| | | | |
|---|---|---|---|
| 11-2021 | മോട്ടോർ സ്ഥാപിക്കലും അനുബന്ധപ്ലംബിംഗ് പ്രവൃത്തിയും- കരാറുകാരന് 7786/- രൂപ അധികം നൽകി. | | |
| 14/2019-20 തീയതി 23-11-2021 | ചുങ്കസ്ഥാനം സബ് സെന്ററിന് പ്ലംബിംഗ് വർക്ക്- കരാറുകാരന് 1680/- രൂപ അധികം നൽകി | 1680 | 121010102556 തീയതി 23-11-2021 |
| **ആകെ** | | **9466** | |

തിരിച്ചടച്ച തുകകൾ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 (പദ്ധതി വിഹിതം ഒഴികെ) | കെ.എസ്.എ / കെ.എൻ.ആർ / സി.13/721/2019 തീയതി 27-05-2019 | 1 | - |
| 2001-02(പദ്ധതിവിഹിതം) | -----ടി---- | 1 | - |
| 2001-02(പദ്ധതി വിഹിതം ഒഴികെ) | -----ടി---- | 1 | - |
| 2004-05 | -----ടി---- | 5 | - |
| 2005-06 | -----ടി---- | 5 | - |
| 2006-07 | -----ടി---- | 9 | - |
| 2007-08 | -----ടി---- | 1 | - |
| 2008-09 | -----ടി---- | 3 | - |
| 2009-10, 2010-11,2011-12 | -----ടി---- | 12 | - |
| 2012-13,2013-14 | -----ടി---- | 6 | - |
| 2014-15 | -----ടി---- | 7 | - |
| 2015-16 | -----ടി---- | 15 | - |
| 2016-17 | -----ടി---- | 19 | - |

| | | | |
|---|---|---|---|
| 2017-18 | കെ എസ് എ /കെ എൻ ആർ/സി 13-1574/18 തീയതി 01-06-2019 | 12 | - |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി 13-847/20തീയതി 20-11-2020 | 13 | പ്രഥമമറുപടി സമർപ്പിച്ചിട്ടില്ല. |

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്

| Alakode Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 28628219.00 |
| Cash | Cash | RP-40(a) | 191966.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1629935.00 |
| 130000000 | Rental income from Panchayat Properties | RP-3 | 17000.00 |
| 140000000 | Fees & User Charges | RP-4 | 1188152.00 |
| 150000000 | Sale & Hire Charges | RP-5 | 181008.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52610073.00 |
| 171000000 | Interest Earned | RP-9 | 240213.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6419755.00 |
| 350000000 | Other Liabilities | RP-36 | 340258.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 3309.00 |
| 311000000 | Earmarked Funds | RP-29 | 335.00 |
| 340000000 | Deposits Received | RP-34 | 27480.00 |
| 350000000 | Other Liabilities | RP-36 | 353464.00 |
| 410000000 | Fixed Assets | RP-38 | 46000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6289682.00 |
| 460000000 | Loans, Advances and Deposits | RP-47 | 115072.00 |
| | **Grand total** | | **98281921.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 5000337.00 |
| 220000000 | Administrative Expenses | RP-12 | 1062813.00 |
| 230000000 | Operations & Maintenance | RP-13 | 1200666.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6368423.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15100087.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3533827.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 3256411.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 235720.00 |
| 255000000 | Maintenance Projects | RP-20 | 8805775.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 18000.00 |
| 280000000 | Prior Period item | RP-26 | -149553.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6668.00 |
| 350000000 | Other Liabilities | RP-36 | 7496879.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 2146.00 |
| 280000000 | Prior Period Item | RP-26 | -20228.00 |
| 311000000 | Earmarked Funds | RP-29 | 6149.00 |
| 330000000 | Secured Loans | RP-32 | 2003246.00 |
| 340000000 | Deposits Received | RP-34 | 12000.00 |
| 350000000 | Other Liabilities | RP-36 | 2655939.00 |
| 410000000 | Fixed Assets | RP-38 | 8652966.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1551306.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 31477968.00 |
| Cash | Cash | RP-40(b) | 4376.00 |
| | **Grand Total** | | **98281921.00** |

**Alakode Grama Panchayat INCOME & EXPENDITURE STATEMENT**

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8378045.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 320270.00 |
| 140000000 | Fee & User Charges | I-4(b) | 1530252.00 |
| 150000000 | Sale & Hire Charges | I-5(b) | 201758.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 122016612.00 |
| 170000000 | Income from Investments | I-7 | 99621.00 |
| 171000000 | Interest Earned | I-8 | 240213.00 |
| 180000000 | Other Income | I-9 | 3309.00 |
| | **Total Income** | | **132790080.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 12799733.00 |
| 220000000 | Administrative Expenses | I-11(b) | 1127292.00 |
| 230000000 | Operations & Maintenance | I-12(b) | 1549061.00 |
| 240000000 | Interest & Finance Charges | I-13 | 2146.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7984058.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 51911918.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3533827.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3814055.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 30985520.00 |
| 255000000 | Maintenance Projects | I-14(e) | 8805775.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 18000.00 |
| 272000000 | Depreciation | I-17(a) | 17032936.00 |
| | **Total Expenditure** | | **139564321.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-6774241.00** |
| 280000000 | Prior Period Item | I-18 | -30968213.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **24193972.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Alakode Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 3590609.45 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 6422.00 |
| 312000000 | Reserves | B-3 | 173989856.00 |
| | **Total Reserve & Surplus** | | **177586887.45** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8901834.00 |
| | **Total Grants, Contributions for Specific Purposes** | | **8901834.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 3999417.00 |
| | **Total Loans** | | **3999417.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 365858.00 |
| 350000000 | Other Liabilities | B-9 | 1929592.85 |
| | **Total Current Liabilities and Provisions** | | **2295450.85** |
| | **TOTAL LIABILITIES** | | **192783589.30** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 204405178.00 |
| 411000000 | Accumulated Depreciation | B-11 | -46676977.00 |
| 412000000 | Capital Work in Progress | B-11(a) | 35260.00 |
| | **Total Fixed Assets** | | **157763461.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1353278.00 |
| | **Total Investments** | | **1353278.00** |
| | **Current Assets, Loans and Advances** | | |

| | | | |
|---|---|---|---|
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 785861.30 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| | | | |
| 450000000 | Cash and Bank Balance | B-17 | 31482344.00 |
| 460000000 | Loans, Advances and Deposits | B-18 | 1398645.00 |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Total Current Assets, Loans and Advances** | | **33666850.30** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **192783589.30** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.